3

# മർക്കൊസിന്റെ പുസ്തകം

## ക്രിസ്തു, എന്ന ദാസൻ

സുവിശേഷ വിവരണങ്ങളിൽ രണ്ടാമതായ, മർക്കൊസ്, നാലിലും വെച്ച് ഒരുപക്ഷെ ഏറ്റവും കുറച്ചു വായിക്കപ്പെട്ടതും വളരെ കുറച്ചു പ്രശംസിക്കപ്പെട്ടതും ആയിരിക്കാം. അത്, എങ്ങനെയായാലും, ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള ശക്തമായ ഒരു അവതരണമാണ്.

### മർക്കൊസിന്റെ പുസ്തകത്തിനുള്ള മുഖവുര

**പുസ്തകത്തിന്റെ എഴുത്തുകാരൻ**

മർക്കൊസിന്റെ പുസ്തകത്തിൽ എഴുത്തുകാരനെ കുറിച്ച് പറഞ്ഞി ട്ടില്ല, എന്നാൽ പ്രാചീന (ദൈവശ്വാസീയമല്ലാത്ത) പാരമ്പര്യം അവകാശപ്പെടുന്നത് യോഹന്നാൻ മർക്കൊസാണ് പുസ്തകം രചിച്ചത് എന്നാണ്. സഭാ ചരിത്രകാരനായിരുന്ന യൂസേബിയസ് (സി. ഏ.ഡി. 260–340) പാപ്പിയസ് ആവർത്തിച്ചു സൂചിപ്പിച്ചത് (സി.ഏ.ഡി. 60–150), മർക്കൊസാണ് ഗ്രന്ഥകാരൻ എന്നാണ്. മർക്കൊസാണ് ആ വിവരണം[1] എഴുതിയതെന്ന് അലക്സന്തരിയക്കാരനായ ക്ളെമന്റും ഒരീഗനും (സി.ഏ.ഡി. 185–254) വിശ്വസിച്ചിരുന്നതായും യൂസേബിയസ് സൂചിപ്പിച്ചിട്ടുണ്ട്. ഐറേനിയസ് (സി.ഏ.ഡി. 140–195) ആ പാരമ്പര്യത്തെ തന്റെ എഴുത്തുകളിൽ[2] പിൻതാങ്ങിയിട്ടുണ്ട്.

യോഹന്നാൻ മർക്കൊസിന്റെ എബ്രായ പേർ യോഹന്നാൻ എന്നായിരുന്നു ("യഹോവ കൃപയുള്ളവൻ"), എന്നാൽ അവനെ റോമാ പേരായ, മാർക്കസ് ("യുദ്ധം പോലെ") എന്ന പേരിലാണ് നാം നന്നായി അറിയുന്നത്. അവൻ ഒരുപക്ഷെ അവന്റെ അമ്മ മറിയയുടെ യെരുശലേമിലെ വീട്ടിലായിരിക്കാം താമസിച്ചിരുന്നത് (പ്രവൃത്തികൾ 12:12). യെരുശലേമിൽ സംഭവിച്ച യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ചില സംഭവങ്ങൾക്ക് അവൻ ദൃക്സാക്ഷി ആയിരിക്കുവാൻ സാധ്യതയുണ്ട്. പല എഴുത്തുകാരും വിശ്വസിക്കുന്നത് മർക്കൊസ് 14:51, 52–ൽ യോഹന്നാൻ മർക്കൊസ് അവനെ തന്നെയാണ് സൂചിപ്പിച്ചത് എന്നാണ്. പത്രൊസിന്റെ പ്രസംഗത്താൽ പരിവർത്തനം ചെയ്യപ്പെട്ടവനായിരുന്നു മർക്കൊസ് (1 പത്രൊസ് 5:13). പിന്നീട്, അവന്റെ അമ്മയുടെ വീട് ക്രിസ്ത്യാനികൾ കൂടിവരുന്ന ഒരു സ്ഥലമായി മാറി (പ്രവൃത്തികൾ 12:12).[3]

ബർന്നബാസിന്റെ അകന്ന സഹോദരൻ ആയിട്ടാണ് മർക്കൊസിനെ കൊലൊസ്യർ 4:10–ൽ മനസ്സിലാക്കുന്നത്. അവൻ ചെറുപ്പം ആകകൊണ്ട്, പൗലൊസിനോടും ബർന്നബാസിനോടും കൂടെ പൗലൊസിന്റെ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ ചേർന്നിരുന്നു, എന്നാൽ അവൻ ആരംഭ യാത്രയിൽ വിട്ടുപോയിരുന്നു (പ്രവൃത്തികൾ 12:25; 13:5, 13), അത് പൗലൊസിനെ വളരെ ദുഃഖിപ്പിച്ചു (പ്രവൃത്തികൾ 15:37–39). ബർന്നബാസ് അപ്പോഴും

മർക്കൊസിന്റെ കഴിവിൽ വിശ്വസിക്കുകയും കുപ്രൊസിലേക്കുള്ള സുവിശേഷ പ്രസംഗത്തിന് അവനെ കൊണ്ടുപോകയും ചെയ്തു (പ്രവൃത്തികൾ 15:39). പിന്നീട്, മർക്കൊസ് സുവിശേഷ വ്യാപ്തിക്കായി പത്രൊസിനോടുകൂടെ പ്രവർത്തിച്ചിട്ടുണ്ട് (1 പത്രൊസ് 5:13). ക്രമേണ, മർക്കൊസ് പൗലൊസിനോടുകൂടെ പ്രവർത്തിക്കുകയും, അവനെ പ്രയോജനമുള്ളവനായി അപ്പൊസ്തലൻ കണ്ടെത്തുകയും ചെയ്തു (കൊലൊസ്യർ 4:10, 11; ഫിലെമോൻ 24; 2 തിമൊഥെയൊസ് 4:11).

യേശുവിനെക്കാളും മിക്ക അപ്പൊസ്തലന്മാരെക്കാളും[4] പൊതുവിൽ മർക്കൊസ് പ്രായം കുറഞ്ഞവനാണെന്നും, അവന് ഏതാണ്ട് പത്തുവയസ്സോളം പ്രായക്കുറവുള്ളതായും ചിലർ കണക്കാക്കിയിരുന്നു. തിമൊഥെയൊസിനും തിത്തൊസിനും ഒപ്പം, അവനെ അപ്പൊസ്തൊലിക കാലഘട്ടത്തിലെ "ജൂനിയർ പ്രീച്ചർ" ആയി കരുതിയിരിക്കാം. ദൈവശ്വാസീയമല്ലാത്ത പാരമ്പര്യം പറയുന്നത് അവനാണ് മിസ്രയീമിൽ, അലക്സന്തരിയയിൽ സഭ ആരംഭിച്ചത് എന്നാണ്.

പൗലൊസ് അടക്കം, ദൈശ്വാസീയരായ പലരിൽ നിന്നും പഠിക്കുവാനുള്ള അവസരം മർക്കൊസിനു ലഭിച്ചിരുന്നു. എങ്ങനെയായാലും, പുരാതന (ദൈവശ്വാസീയമല്ലാത്ത) പാരമ്പര്യം പത്രൊസിനോടുള്ള അവന്റെ ബന്ധത്തെ പ്രത്യേകമായി ഊന്നി പറഞ്ഞിട്ടുണ്ട്. യോഹന്നാൻ മർക്കൊസാണ് മർക്കൊസിന്റെ പുസ്തകം രചിച്ചത് എന്നു പറയുന്നവർ തന്നെ ആ വിവരണം പത്രൊസിൽ നിന്നാണ് ലഭിച്ചതു എന്നു ഉറപ്പിച്ചു പറയുന്നു. ഉദാഹരണത്തിന്, മർക്കൊസിനെ പാപ്പിയസ് പറഞ്ഞിരിക്കുന്നത് "പത്രൊസിന്റെ വ്യാഖ്യാനി" ആയിട്ടാണ്. അവൻ പറഞ്ഞു,

> ... അവൻ രേഖപ്പെടുത്തിയതെല്ലാം വളരെ കൃത്യതയോടെ എഴുതി, എങ്ങനെയായാലും, എന്നാൽ നമ്മുടെ കർത്താവ് ചെയ്തതോ പറഞ്ഞതോ ആയ ക്രമത്തിൽ, ആയിരുന്നില്ല, കാരണം അവൻ നമ്മുടെ കർത്താവിനെ പിൻപറ്റുകയോ ശ്രദ്ധിക്കുകയോ ചെയ്തില്ല, എന്നാൽ ... അവൻ പത്രൊസിനോട് കൂടെ ആയിരുന്നു, അവൻ ആവശ്യമായ നിർദ്ദേശങ്ങൾ അവനു നൽകി, എന്നാൽ കർത്താ വിന്റെ പ്രസംഗങ്ങളുടെ ചരിത്രം നൽകിയില്ല: അവൻ ചില കാര്യങ്ങൾ താൻ രേഖപ്പെടുത്തിയതുപോലെയാണ് എഴുതിയത്, അതുകൊണ്ട് മർക്കൊസ് ഒന്നിലും തെറ്റിപ്പോയില്ല; കാരണം അവൻ ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു, ആ വിവരണത്തിൽ[5] തെറ്റായ ഒന്നും വരാതിരിക്കുവാനും, അവൻ കേട്ടതൊന്നും വിട്ടുപോകാതിരിക്കുവാനും.

അലക്സന്തരിയക്കാരനായ ക്ളെമന്റ് പറഞ്ഞതു പത്രൊസ് വാക്കുകളാൽ പറഞ്ഞതായ ഉപദേശത്തിന്റെ രേഖ പത്രൊസിന്റെ കേൾവിക്കാർ മർക്കൊസിനോട് നൽകുവാൻ ആവശ്യപ്പെടുകയും, സഭകളിൽ[6] ആ വിവരണങ്ങൾ വായിക്കുവാൻ പത്രൊസ് അധികാരപ്പെടുത്തുകയും ചെയ്തു എന്നാണ്. ഐറെനിയസ് എഴുതി "പത്രൊസി ന്റെയും പൗലൊസിന്റേയും മരണശേഷം, പത്രൊസ്[7] പ്രസംഗിച്ചതായ വിവരങ്ങൾ മർക്കൊസ് നമുക്ക് എഴുതി ഏൽപ്പിച്ചിരിക്കുന്നു" എന്നാണ്.

ഈ പ്രാചീന പാരമ്പര്യത്തെ ഉറപ്പിക്കുന്ന അസംഖ്യം വസ്തുതകൾ

ഉണ്ടെന്നു തോന്നുന്നു: മർക്കൊസിന്റെ പുസ്തകത്തിനുവേണ്ട ഒരു ബാഹ്യരൂപരേഖ പ്രവൃത്തികൾ 10:36–42 ലെ പത്രൊസിന്റെ പ്രസംഗത്തിൽ ഉണ്ട്. പത്രൊസിനെ സൂചിപ്പിക്കുന്ന, മർക്കൊസ് 16:7–ൽ ഉള്ള വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത് സുവിശേഷ എഴുത്തുകാരിൽ മർക്കൊസ് മാത്രമാണ്. ഒരു ദൃക്സാക്ഷിയുടെ വാമൊഴിയാലുള്ള സാക്ഷ്യമാണ് പുസ്തകത്തിന്റെ ശൈലി. (ചില എഴുത്തുകാർ മർക്കൊസിൽ "ഒരു പ്രാസംഗികന്റെ പരുക്കൻ ഗ്രീക്ക്" ഉൾപ്പെട്ടിരിക്കുന്നതായി പറയുന്നു).

**പുസ്തകത്തിന്റെ ഉദ്ദേശം**

മർക്കൊസ് എഴുതിയത് റോമാക്കാർക്കായിരുന്നു[8] എന്നു മിക്കവരും വിശ്വസിക്കുന്നു. വംശാവലി അടക്കം, അത്തരം സദസിനു താല്പര്യമില്ലാത്ത കാര്യങ്ങൾ അവൻ ഒഴിവാക്കിയിട്ടുണ്ട്. പഴയ നിയമ പ്രവചനങ്ങളെ കുറിച്ചു അവൻ കുറച്ചുമാത്രമേ പറഞ്ഞിട്ടുള്ളൂ. ക്രിസ്തുവിന്റെ ജീവിതത്തിലെ യെഹൂദ പശ്ചാത്തലത്തിനു അവൻ ഊന്നൽ കൊടുത്തിരുന്നില്ല. അവൻ യെഹൂദ വാക്കുകളോ ആചാരങ്ങളോ പരിചയപ്പെടുത്തുമ്പോൾ, അവയെ സാധാരണ വിശദീകരിക്കുകയും ചെയ്തു. മറ്റു സുവിശേഷ എഴുത്തുകാർ ഗ്രീക്ക് ഉപയോഗിച്ച സ്ഥാനങ്ങളിൽ അവനുപയോഗിച്ചത് ലാറ്റിൻ പദപ്രയോഗങ്ങളായി രുന്നു. ("കുട്ട" എന്നതിനു *മോഡിയസ്* [മർക്കൊസ് 4:21], "വോട്ടി നുള്ള–ചുങ്കം" എന്നതിനു *സെൻസസ്* [12:14], "മരണശിക്ഷ നടപ്പാ ക്കുന്നവൻ'' എന്നതിനു *സ്പെകുലേറ്റർ* എന്നതും [6:27], ''ശതാധിപൻ'' എന്നതിന് *സെഞ്ചൂറിയോ* [15:39, 44, 45] എന്നിവ, ഉദാഹരണത്തിന് എടുക്കാം). രൂഫൊസിനെ സുവിശേഷ എഴുത്തുകാരിൽ അവൻ മാത്രമാണ് പറഞ്ഞിരിക്കുന്നത് (15:21), അവനെ റോമിലുള്ള ക്രിസ്ത്യാനികൾക്ക് അറിയാമായിരുന്നു (റോമർ 16:13). മെറിൽ റ്റെന്നിയുടെ തീർച്ചയാക്കൽ എന്തെന്നാൽ "മർക്കൊസ് [ന്റെ പുസ്തകം] സുവി ശേഷം എത്തിയിട്ടില്ലാത്ത സാധാരണ റോമൻ ചിന്താഗതിക്കാരുടെ[9] ഉപയോഗത്തിന് ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു" എന്നാണ്.

അത്തരം സദസിനെ ഉദ്ദേശിച്ച്, യേശുവിനെ *പ്രവർത്തി*ക്കുന്ന മനുഷ്യനായിട്ടാണ് മർക്കൊസ് അവതരിപ്പിച്ചത്. പുസ്തകം ചുരുക്കമായതും എല്ലാം വിവരിക്കുന്നതുമാണ്, അതു നാലുപുസ്തകങ്ങളെ ക്കാളും ചെറുതാണ്. കുറച്ചു ഉപദേശം രേഖപ്പെടുത്തിയിട്ടുണ്ട്: വിപുല മായ പ്രസംഗങ്ങൾ അല്ല നാലു വിശദമായ ഉപമകൾ മാത്രമാണ് അതിലുള്ളത്. യേശുവിന്റെ *അത്ഭുതങ്ങൾക്ക്* മർക്കൊസ് ഊന്നൽ കൊടുത്തിട്ടുണ്ട്, അതു മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നു: അതിന്റെ വലിപ്പം കണക്കിലെടുത്തു, ആ വിവരണം മറ്റു ഏതൊരു സുവിശേഷ വിവരണങ്ങളെക്കാൾ അധികം പ്രാധാന്യം അത്ഭുത ങ്ങൾക്കു കൊടുക്കുന്നു.

മർക്കൊസിന്റെ പുസ്തകം *നീങ്ങി*ക്കൊണ്ടിരിക്കുന്നു. പതിനാറ് അദ്ധ്യായങ്ങളിൽ പതിമൂന്നും "ഉം" എന്ന വാക്കുമായാണ് ആരംഭി ക്കുന്നത്. ലേഖകന്റെ ഇഷ്ടപ്പെട്ട ഗ്രീക്ക് വാക്കുകളിൽ ഒന്നാണ് *യൂദസ്* (അല്ലെങ്കിൽ *യൂതെയോസ്*), അതു തർജ്ജിമ ചെയ്തിട്ടുള്ളത് "നേർ വഴി," ''ഉടനെ," ''നേരിട്ട്,'' അല്ലെങ്കിൽ ''പെട്ടെന്നുതന്നെ.'' മർക്കൊസ് ആ വാക്ക് നാൽപത്തി–രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യേശുവിനെ മുൻപത്തെക്കാൾ അധികം വേഗതയോടെ മുൻപോട്ട് തന്റെ

ദൗത്യനിവർത്തീകരണലേക്ക് നീങ്ങുന്നതായി ചിത്രീകരിച്ചിട്ടുണ്ട്.

പുസ്തകത്തിലെ മുഖ്യ വേദഭാഗമാണ് മർക്കൊസ് 10:45: "മനുഷ്യ പുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്." "ശുശ്രൂഷിക്കുക" എന്നും "കൊടുപ്പാനും" എന്നുമുള്ള വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കുക. മത്തായിയുടെ പുസ്തകത്തിൽ, യേശുവിനെ ഒരു രാജാവായിട്ടാണ് വിശേഷിപ്പിച്ചത്; എന്നാൽ മർക്കൊസിന്റെ പുസ്തകത്തിൽ, അവനെ ഒരു ദാസനായിട്ടാണ് കാണിച്ചിരിക്കുന്നത്. മർക്കൊസ് യേശുവിന് ഒരു ദൈവീക തലവാചകവും ഉപയോഗിച്ചിട്ടില്ല, കൂടാതെ അധികാരം ഊന്നിപ്പറഞ്ഞിട്ടുമില്ല.[10] യേശു *ശുശ്രൂഷിച്ചു.*[11]

തീർച്ചയായും, ഈ ദൈവശ്വാസീയ വിവരണത്തിന്റെ അന്തിമ ഉദ്ദേശ്യവും എല്ലാ സുവിശേഷങ്ങൾക്കുള്ളതു തന്നെയാണ്: യേശുവിനെ നമ്മുടെ രക്ഷകനായും ദൈവപുത്രനായും വെളിപ്പെടുത്തുക. "ദൈവപുത്രനായ, യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (മർക്കൊസ് 1:1) എന്ന വാക്കുകളാലാണ് പുസ്തകം ആരംഭിക്കുന്നത്. നാലു സുവിശേഷ വിവരണങ്ങളിലും "സുവിശേഷം" എന്ന വാക്ക് പന്ത്രണ്ടു പ്രാവശ്യം കാണാം; ആ പന്ത്രണ്ടിൽ എട്ടും മർക്കൊസിന്റെ പുസ്തകത്തിലാണ്. സമീപനത്തിൽ മാത്രമാണ് മർക്കൊസ് മറ്റു എഴുത്തുകാരിൽ നിന്ന് വ്യത്യാസമുള്ളവനാകുന്നത്: യേശുവിന്റെ ചിത്രത്തെ അവൻ ചുരുക്കമായി വരച്ചുകാണിച്ച് ആ ചിത്രത്തെ സ്വയം സംസാരിക്കുവാനും അനുവദിച്ചിരിക്കുന്നു.

**പുസ്തകത്തിന്റെ സ്വഭാവ വിശേഷതകൾ**

പുസ്തകത്തിന്റെ സ്വഭാവ വിശേഷതകൾ അധികവും ബന്ധപ്പെട്ടിരിക്കുന്നത് വിശ്വാസ്യമായ അതിന്റെ ഉറവിടവും (പത്രൊസ്) അതിന്റെ ഉദ്ദേശവുമായിട്ടാണ് (യേശുവിനെ ദാസനായി അവതരിപ്പിക്കുക).

മുൻപ് നാം പറഞ്ഞതുപോലെ, മർക്കൊസ് എന്നത് *പ്രവർത്തി*യുടെ ഒരു സുവിശേഷമാണ്.

കൂടാതെ, മർക്കൊസ് ഒരു സുവിശേഷ *വികാര*മാണ്. യേശുവിന്റെ സദസ്യരുടെ പ്രതികരണവും വികാരങ്ങളുമാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്: അവർ "അതിശയിപ്പിക്കുന്നവരാണ്" (1:27); അവർ വിമർശനത്തിൽ താൽപര്യമുള്ളവരായിരുന്നു (2:7); അവർ "ഭയപ്പെട്ടിരുന്നു" (4:41); അവർ തെറ്റിദ്ധരിക്കപ്പെട്ടു (6:14); അവർ "ഞെട്ടിപ്പോയി" (7:37); അവർ ശത്രുക്കളായിരുന്നു (14:1). അത്തരത്തിലുള്ള ഇരുപത്തി-മൂന്നു പ്രതികരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ വികാരങ്ങളെയും പുസ്തകം രേഖപ്പെടുത്തിയിട്ടുണ്ട്: അവന് "മനസ്സലിവ്" ഉണ്ടായിരുന്നു (1:41; 6:34; 8:2); അവനു കോപം ഉണ്ടായി (3:5); അവൻ "മുഷിഞ്ഞിരുന്നു" (10:14); അവൻ നെടുവീർപ്പിട്ടിരുന്നു (7:34; 8:12); അവന്റെ ഉള്ളിൽ "നിരാശയും വേദനയും" ഉണ്ടായിരുന്നു (14:33, 34).

മർക്കൊസ് *വിചാരത്തെ* കുറിച്ചുള്ള ഒരു സുവിശേഷവുമായിരുന്നു. ആളുകളുടെ സന്തോഷം, വിശപ്പ്, പ്രയാസങ്ങൾ, ആരോഗ്യം, കാപട്യം എന്നിവയിൽ യേശു വിചാരപ്പെട്ടിരുന്നു.

അതിനുപുറമെ, മർക്കൊസ് *ശുശ്രൂഷ*യെ കുറിച്ചുള്ള ഒരു സുവി

ശേഷമാണ്. യേശു അപരിചിതനെ സഹായിച്ചു, മൂകനെ സൗഖ്യമാക്കി, പട്ടിണിക്കാരെ പോഷിപ്പിക്കുകയും, അതിരുകവിഞ്ഞവരെ ശാസിക്കയും ചെയ്തു.

മറ്റു വിവരണങ്ങളെ പോലെ, മർക്കൊസും *ക്രൂശി*ന്റെ സുവിശേഷമാണ്. ക്രിസ്തുവിന്റെ ഏറ്റവും വലിയ ശുശ്രൂഷ അവന്റെ ക്രൂശിലെ മരണ മായിരുന്നു. യേശുവിന്റെ യെരുശലേമിലേക്കുള്ള അവസാന യാത്രയും അതിനെ തുടർന്നുള്ള സംഭവങ്ങളുമാണ് മർക്കൊസിന്റെ പുസ്തകത്തിൽ നാൽപതു ശതമാനവും വിവരിക്കുന്നത്. ആ സംഭവങ്ങളെ വിവരിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന സ്ഥലത്തിന്റെ കണക്കിൽ യോഹന്നാനുമായി മാത്രമാണ് മർക്കൊസ് രണ്ടാം സ്ഥാനത്താകുന്നത്.

അവസാനമായി, മർക്കൊസ് എന്നത് *പ്രത്യേകതയുള്ള* ഒരു സുവിശേഷമാണ്. യേശുവിന്റെ വ്യക്തിപരമായ അംഗവിക്ഷേപങ്ങളെ പോലും പുസ്തകം വിവരിക്കുന്നുണ്ട്. അതിലെ ശൈലി പുതിയതും ചലിപ്പിക്കുന്നതുമാണ്. ചിലർ അതിനെ "ഒരു തെരുവ് പ്രാസംഗികന്റെ ശൈലി" എന്നു വിളിച്ചിട്ടുണ്ട്.

## പുസ്തകത്തിന്റെ തീയതി

ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം ഭാഗത്തിന്റെ ആരംഭത്തിലാണ് മർക്കൊ സിന്റെ പുസ്തകം എഴുതപ്പെട്ടത്. മർക്കൊസ് അലക്സന്ത്രിയനെയും രൂഫോസിനെയും പറ്റി സ്പഷ്ടമായി പറഞ്ഞിട്ടുണ്ട് (15:21), കാരണം അവർ അവന്റെ വായനക്കാർക്ക് സുപരിചിതരായിരുന്നു. അതിനർത്ഥം ആ പുസ്തകം ക്രൂശിന്റെ തടവറയിൽ തന്നെ ഉണ്ടായതാണ് എന്നു വ്യക്തം. പുസ്തകത്തിന്റെ പാരമ്പര്യ ബന്ധം പത്രൊസിനോടുള്ളതായി ഞാൻ മുൻപ് പറഞ്ഞുവല്ലൊ. വിതരണം ചെയ്യുന്നതിനു മുൻപ് മർക്കൊസിന്റെ വിവരണം പത്രൊസ് പരിശോധി ച്ചിരുന്നുവെന്ന് പല പ്രാചീന എഴുത്തുകാരും പറഞ്ഞിട്ടുണ്ട്. പത്രൊസിന്റെ മരണം സംഭവിച്ചത് എ.ഡി. 65–ലും 68–നും ഇടയ്ക്കായിരുന്നു വെന്ന് കരുതപ്പെടുന്നു.[12]

മത്തായിയും ലൂക്കൊസും മർക്കൊസിന്റെ വിവരണം പകർത്തിയെന്ന് പലരും വിശ്വസിക്കുന്നുണ്ട്, എന്നാൽ ഏറ്റവുമാദ്യത്തെ (ദൈവശ്വാസീ യമല്ലാത്ത) പാരമ്പര്യങ്ങൾ മത്തായിയെയാണ് ആദ്യം പറയുന്നത്. ഈ പോയിന്റിനെ കുറിച്ച് ടെന്നിയുടെ അഭിപ്രായം ഇതാണ്:

> ഈ സുവിശേഷങ്ങൾ ... പരിശുദ്ധാത്മ നിയോഗത്താൽ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചു ദൈവശ്വാസീയരായ അപ്പൊസ്തലന്മാരുടെ സന്ദേശത്തിന്റെ മൂന്നു വ്യത്യസ്തമായി എഴുതിയ അവതരണങ്ങളും [അവ അങ്ങനെയുള്ളതും], അതു അപ്പൊസ്തലന്മാരുടെയും അവരോടുകൂടെ ഉണ്ടായിരുന്ന വരുടെയും പൊതുവായ വിവരങ്ങളിൽ നിന്നുള്ളതുമാണെങ്കിൽ, അവ ഒരേ സമയത്ത് ഉത്ഭവിച്ചിരിക്കാനാണ് നല്ല സാധ്യത.[13]

മർക്കൊസ് എഴുതിയതായി നൽകിയിരിക്കുന്നതിനുള്ള ഊഹങ്ങളിൽ ഉള്ളത്: എ.ഡി. 50–60, 58–65, 60–70. എ.ഡി. 70–നുശേഷമായിരിക്കുകയില്ല പുസ്തകം എഴുതിയത് എന്നു നാം പറയുന്നതായിരിക്കും ഉചിതം.

**പുസ്തകത്തിന്റെ വിഭജനം**

മർക്കൊസിന്റെ പുസ്തകത്തിന്റെ രേഖാരൂപം തയ്യാറാക്കുക എളുപ്പമല്ല. മർക്കൊസ് ദൈവശാസ്ത്രപരമായ ഒരു ചിന്താഗതി അല്ല പിൻപറ്റിയത്. അവന്റെ വിവരണം പൂർണ്ണവും, ഒരു തികഞ്ഞ ഫലം കിട്ടത്തക്ക വിധത്തിൽ രൂപപ്പെടുത്തിയതുമാണ്.

ഈ പുസ്തകത്തിന്റെ രേഖാരൂപം ലഭിക്കുന്നതിന് പലവിധ സമീപനങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്: ജോൺ ഫിലിപ്സ് മർക്കൊസ് 10:45-ലെ മുഖ്യ ചിന്തകൾ തന്റെ വിഭജനത്തിനായി ഉപയോഗിക്കുന്നു: (1) ദാസൻ തന്റെ ജീവൻ ശുശ്രൂഷക്കു നൽകുന്നു (അദ്ധ്യായങ്ങൾ 1–10); (2) ദാസൻ തന്റെ ജീവൻ യാഗത്തിൽ നൽകുന്നു (അദ്ധ്യായങ്ങൾ 11:16).[14] ഹെൻറിയെറ്റാ മിയേഴ്സ് ആ ആശയത്തെ വിപുലീകരിച്ച് "ദാസൻ" എന്ന വാക്കുപയോഗിച്ച് ഏഴ് തരത്തിലുള്ള വിഭജനങ്ങൾ നൽകുന്നുണ്ട്: (1) ദാസന്റെ വരവും പരിശോധനയും (അദ്ധ്യായം 1); (2) ദാസൻ പ്രവർത്തിക്കുന്നു (അദ്ധ്യായങ്ങൾ 2-ഉം 3-ഉം); തുടങ്ങിയവയാണ് അവ.[15] യേശു പ്രവർത്തി ചെയ്ത രണ്ടു പ്രധാന സ്ഥലത്തെ ആധാരമാക്കി പുസ്തകത്തെ രണ്ടായി ചിലർ ഭാഗിച്ചിട്ടുണ്ട്: ഗലീലിയും യെഹൂദ്യയും. ടെന്നിയുടെ ഏഴ് ഭാഗമുള്ള വിഭജനത്തിൽ യേശു സഞ്ചരിച്ച[16] സ്ഥലങ്ങളുടെ വിഭജനങ്ങളെ കൂടുതൽ വിശദമായി പറഞ്ഞിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന ബാഹ്യരൂപരേഖയിൽ നാം ഉപയോഗിക്കുന്നത് ഈ ആശയങ്ങളോടു മറ്റുള്ളവയും യോജിപ്പിച്ചുകൊണ്ടാണ്. എങ്ങനെയായാലും, മർക്കൊസിന്റെ പുസ്തകത്തെ *മുഴുവനായും* നാം പരിഗണിക്കണമെന്ന്, ഓർമ്മിക്കുക.

---

**മർക്കൊസിന്റെ പുസ്തകത്തിന്റെ ബാഹ്യരേഖാരൂപം**

I. ദാസൻ ശുശ്രൂഷിപ്പാൻ ഒരുങ്ങി (1:1–13).
   A. തലവാചകവും ഉദ്ദേശവും (1:1).
   B. യോഹന്നാൻ ഒരുക്കിയതായ വഴി (1:2–8).
   C. തന്റെ സ്നാനത്താൽ യേശു ഒരുങ്ങി (1:9–11).
   D. തന്റെ പരീക്ഷണത്താൽ യേശു ഒരുങ്ങി (1:12, 13).
   E. ഇതിലെല്ലാം, അവന്റെ *ആധികാരിക തെളിവ്* യേശുവിനു ലഭിച്ചു. അവൻ ...
      1. യോഹന്നാനാൽ അംഗീകാരം ലഭിച്ചു.
      2. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്തു.
      3. പിശാചിനാൽ പരീക്ഷിക്കപ്പെട്ടു.
II. ദാസന്റെ ശുശ്രൂഷക്കുള്ള സമർപ്പണം (1:14–8:30).
   A. ശുശ്രൂഷയുടെ *ആരംഭം* (1:14–2:12).
      1. ഈ കാലയളവ് അടിസ്ഥാനപരമായി ഗലീലയിൽ ആണ്, യോഹന്നാനെ കൊന്നശേഷമാണ് യേശു അവിടേക്കു പോയത് (1:14, 15).
      2. യേശു മീൻപിടുത്തക്കാരെ വിളിക്കുന്നു (1:16–20).
      3. കഫർന്നഹൂമിൽ ഒരു വലിയ ദിവസം (1:21–34)

(സുഖപ്പെടുത്തൽ തുടങ്ങുന്നു).

4. ഗലീലിയിലേക്ക് പോവുന്നു, ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നതടക്കം (1:35–45).
5. കഫർന്നഹൂമിൽ മറ്റൊരു വലിയദിവസം, മേൽക്കൂരയിൽ കൂടെ ഇറക്കിയ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നതടക്കം (2:1–12). സൗഖ്യമാക്കുന്നവരുടെ ലിസ്റ്റ് അവസാനിക്കുന്നത് പാപങ്ങളെ ക്ഷമിച്ചുകൊടുക്കുവാനുള്ള യേശുവിന്റെ അധികാരത്തെ സൂചിപ്പിച്ചുകൊണ്ടാണ്.

B. *വിമർശനം* തുടങ്ങുന്നു (2:13–3:35).

1. കടൽക്കരയിലെ ഉപദേശം (2:13).
2. ലേവിയെ വിളിക്കുന്നതും പാപികളോടുകൂടെ ഭക്ഷിക്കുന്നതും (വിമർശിക്കുന്നതും) (2:14–17).
3. ഉപവാസത്തെ കുറിച്ചുള്ള വിമർശിക്കൽ (2:18–22).
4. ശബ്ബത്ത് വിമർശനങ്ങൾ (2:23–3:5).
5. പരീശന്മാരും ഹെരോദ്യരും ഗൂഢാലോചന നടത്തുന്നു (3:6).
6. യേശുവിന്റെ ശുശ്രൂഷ കൂടുതൽ വ്യത്യസ്തമായി: പന്തിരുവരെ തിരഞ്ഞെടുത്ത് കൂടുതൽ തിരക്കുള്ളവനായി തീർന്നപ്പോൾ അവന്റെ സ്നേഹിതന്മാർ പോലും വിചാരി ച്ചത് അവന് "ഭ്രാന്തുണ്ട്" എന്നാണ് (3:7–21).
7. യേശു ബേൽസേബൂലിനെ കൊണ്ടാണ് അത്ഭുതം ചെയ്തതെന്ന് അവനിൽ കുറ്റം ആരോപിച്ചു; പരിശുദ്ധാത്മാവി നെതിരായ പാപത്തെ കുറിച്ചുള്ള ഉപദേശം (3:22–30).
8. യേശുവിന്റെ അമ്മയും സഹോദരന്മാരും ദൈവേഷ്ടം ചെയ്യുന്നവരാണെന്ന് തിരിച്ചറിഞ്ഞു (3:31–35).

C. ശുശ്രൂഷയുടെ *വെല്ലുവിളി.* (കടലിലൂടെ ടെക്കപ്പൊലിയിലേക്കും, ഫൊയ്നിക്യയിലേക്കും, ഫിലിപ്പിയയിലെ കൈസര്യയിലേക്കും, മറ്റു പ്രദേശങ്ങളിലേക്കും – തുടർച്ചയായ *എതിർപ്പോടെ*, സമയാസമയങ്ങളിൽ പിൻവാങ്ങിപോയി.)

1. പടകിൽ വെച്ച് ഉപമകളിൽ സംസാരിച്ചു: വിതെക്കുന്നവന്റെ ഉപമയും, വിളക്കിന്റെയും, വളർച്ചയുടെയും, കടുകുമണിയുടെയും ഉപമ (4:1–34).
2. ഗലീലി കടൽ കടന്നു (കാറ്റിനെ ശാന്തമാക്കലും) – ടെക്കപ്പൊലിയിലേക്കു പോയി (4:35–41).
3. ഗെരേസെന്നയിലെ ഭൂതബാധയെ ഒഴിവാക്കി (രണ്ടായിരം പന്നികൾ ചത്തുപോകുന്ന സംഭവവും) (5:1–20).
4. വീണ്ടും കടൽകടന്നുപോയി യായിരൂസിന്റെ മകളെ ഉയിർ പ്പിച്ചു (കൂടാതെ "രക്തസ്രവവുമായി ബന്ധപ്പെട്ട അത്ഭുതം") (5:21–43).

5. നസ്റേത്തിലേക്കു പോവുകയും തൃജിക്കപ്പെടുകയും (യേശുവിനെ തച്ചൻ എന്നു വിളിക്കുകയും ചെയ്തു) (6:1–6).
6. പരിമിത ആജ്ഞ കൊടുത്ത് പന്തിരുവരെ അയക്കുന്നു (ഹെരോദാവിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നു – രാജാവ് യോഹന്നാ നോടു ചെയ്തത് പരിഗണിച്ച് അപകടകരമായ ഒരു നീക്കം) (6:7–32).
7. തന്റെ ശിഷ്യന്മാരുമായി ഒരു ഏകാന്ത സ്ഥലത്തേക്കു പോവുകയും പുരുഷാരം അവനെ പിൻപറ്റുകയും ചെയ്തു; അയ്യായിരം പേരെ പോഷിപ്പിച്ചു (ഒരു സുപ്രധാന സംഭവം) (6:33–44).
8. യേശുവിന് ഇടയ്ക്ക് നടത്തുവാനുള്ള ഒന്നായിരുന്നു കടൽ ശുശ്രൂഷ (6:45–52) – പിന്നെ പൊതുവായ ഉപദേശവും ഗന്നേസരത്ത് പ്രദേശത്തുള്ള സൗഖ്യമാക്കലും (6:53–56).
9. കഴുകാത്ത കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നതിനെ വിമർശിക്കുകയും – പാരമ്പര്യത്തെ കുറിച്ചുള്ള ഒരു പ്രസംഗവും (7:1–23).
10. സോരിലേക്കും സീദോനിലേക്കും വാങ്ങിപോകലും – സുറൊഫൊയീക്യ ജാതിയിലുള്ള യവനസ്ത്രീയുടെ മകളെ സൗഖ്യമാക്കുന്ന സംഭവവും (7:24–30).
11. ടെക്കപൊലിയിലേക്കു പിൻവാങ്ങുന്നു:
    a. പൊതുവായ ഉപദേശവും സൗഖ്യമാക്കലും (7:31–37).
    b. നാലായിരം പേരെ പോഷിപ്പിച്ചു (8:1–9).
12. ഗലീലിയിലേക്ക് മടങ്ങിപ്പോയി (ഗലീലാ കടൽക്കരയുടെ പടിഞ്ഞാറുള്ള ദൽമനൂഥയിലേക്ക്) – ഒരു അടയാളം ചോദിക്കുകയും, "പരീശന്മാരുടെ പുളിച്ച മാവിനു" എതിരായി മുന്നറിയിക്കുകയും ചെയ്തു (8:10–21).
13. ബേത്ത്സയിദയിലേക്കു പോയി – ഒരു കുരുടനെയും സൗഖ്യമാക്കി (8:22–26).
14. ഫിലിപ്പിയയിലെ കൈസര്യയിലേക്ക് പോയി – വലിയ *ഏറ്റുപറച്ചിലും* (8:27–30) (യേശുവിന്റെ ശുശ്രൂഷയുടെ *മൂർദ്ധന്യാവസ്ഥ*).

III. ശുശ്രൂഷയുടെ മഹത്തായ പ്രവൃത്തിയിലേക്ക് ദാസൻ നീങ്ങുന്നു: ക്രൂശിൽ മരിക്കുന്നു (8:31–15:47).
  A. അവന്റെ *അവസാന* ശുശ്രൂഷ (8:31–10:52).
    1. തന്റെ മരണത്തിനായി അവന്റെ ശിഷ്യന്മാരെ ഒരുങ്ങുവാൻ ആവശ്യപ്പെട്ടു.
       a. താൻ മരിക്കേണ്ടതാകുന്നുവെന്ന് അവന്റെ ശിഷ്യന്മാരോടു പറയുകയും, അവരുടെ ക്രൂശ് എടുക്കുവാൻ പ്രബോധിപ്പിക്കുകയും ചെയ്തു (8:31–9:1). (9:1 നോക്കുക.)
       b. മറുരൂപ സമയത്ത് യേശുവിന്റെ വാസ്തവത്തിലുള്ള

തേജസ് കാണപ്പെട്ടു; ഉയർത്തെഴുന്നേൽപ്
മുന്നറിയിച്ചു (9:2–13).

c. തന്റെ ശിഷ്യന്മാർക്ക് സൗഖ്യമാക്കാൻ കഴിയാതിരുന്ന ഒരു ബാലനെ അവൻ സൗഖ്യമാക്കി (9:14–29).

d. തന്റെ മരണത്തെ കുറിച്ചു കൂടുതൽ ഉപദേശിക്കുന്നു (9:30–32).

e. ശിഷ്യന്മാരുടെ തെറ്റിദ്ധാരണ; തങ്ങളിൽ ആരായിരിക്കും കർത്താവിന്റെ വശത്തിരിക്കുന്ന വലിയവൻ എന്ന് അവർ തമ്മിൽ തർക്കമുണ്ടായി (9:33–50).

2. യെരുശലേമിലേക്ക് പോകുന്നു.

a. യെഹൂദ്യയിലും യോർദ്ദാനിനു അപ്പുറവും (പെറിയ) (10:1).

(1) വിവാഹത്തെയും ഉപേക്ഷണത്തേയും കുറിച്ചുള്ള യേശുവിന്റെ വെല്ലുവിളി (10:2–12).

(2) ശിശുക്കളെ അനുഗ്രഹിക്കുന്നു (10:13–16).

(3) ധനവാനായ, യുവപ്രമാണിയുടെ സംഭവവും – എല്ലാം ത്യജിക്കുമ്പോൾ ലഭിക്കുന്ന പ്രതിഫലവും (10:17–31).

b . യെരുശലേമിലേക്കുള്ള വഴിയിൽ.

(1) സംഭവിപ്പാനുള്ളത് തന്റെ ശിഷ്യന്മാരോടു പറഞ്ഞു (10:32–34). അവരുടെ വലിയ തെറ്റിദ്ധാരണയാൽ രണ്ടുപേരും ഒരാൾ അവന്റെ വലത്തും മറ്റൊരാൾ ഇടത്തും ഇരിക്കേണ്ടതിന് ആഗ്രഹിക്കുന്നു (10:35–45). (ഒരു പ്രധാന വാക്യം: 10:45.)

(2) യെരിഹോ കടക്കൽ; ബർത്തിമായി എന്ന കുരുടനെ സൗഖ്യമാക്കി (10:46–52).

B. ഒരു *നിർണ്ണായക* സമയം: അവന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (11:1–14:42).

1. ഞായർ: വിജയപ്രവേശന ദിവസം (11:1–11).

2. തിങ്കൾ: അത്തിയെ ശപിക്കലും ദൈവാലയ ശുദ്ധീകരണവും (11:12–19).

3. ചൊവ്വ: തിരക്കുള്ള ദിവസം.

a. അത്തി ഉണങ്ങി (11:20–26).

b. ചോദ്യങ്ങളുടെ ദിവസം.

(1) “എന്തധികാരം കൊണ്ട്?” എന്നതിന്റെ ചോദ്യം (11:27–33).

(2) ദുഷ്ടകാര്യവിചാരകന്റെ ഉപമ നല്കുന്നു (12:1–12).

(3) കൈസർക്ക് കരം കൊടുക്കുന്നതിനെ കുറിച്ചുള്ള ചോദ്യം (12:13–17).

(4) പുനരുത്ഥാനത്തെ കുറിച്ചുള്ള ചോദ്യം (12:18–27).

(5) ആദ്യകല്പനയെകുറിച്ചുള്ള ഒരു ചോദ്യവും,

ദൈവ (12:28–34).

(6) യേശുവിൽനിന്നുയർന്ന ഒരു ചോദ്യം; യേശുവിന്റെ ശത്രുക്കളെ നിശബ്ദരാക്കി (12:35–37).

c. ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവാനുള്ള മുന്നറിയിപ്പ് (12:38–40).

d. വിധവയുടെ വെള്ളിക്കാശ് (12:41–44).

e. ദൈവാലയം വിട്ടു പോകലും, യേശുവിൽനിന്നും ഒരു വെളിപ്പാടു സന്ദേശവും (13:1–37).

4. ബുധൻ: യേശുവിന്നു ശാന്തമായ ദിവസം ആയിരുന്നു.
   a. തന്റെ ശത്രുക്കൾക്ക് തിരക്കുള്ള ദിവസം (14:1, 2), പക്ഷെ യേശുവിനു ശാന്തമായ ദിവസം ആയിരുന്നു.
   b. ബെഥാന്യയിലെ ഭക്ഷണവും യേശുവിനെ അഭിഷേകം ചെയ്യുന്നതും (14:3–9).
   c. യേശുവിനെ കൊല്ലുവാൻ യൂദ വഹിച്ച പങ്ക് (14:10, 11).
5. വ്യാഴം: ഒരുക്കനാൾ.
   a. പെസഹക്കു വേണ്ട ഒരുക്കം (14:12–16).
   b. പെസഹ പെരുന്നാളും കർത്തൃമേശ സ്ഥാപിക്കലും (14:17–26).
   c. പത്രൊസ് യേശുവിനെ തള്ളിപ്പറയുമെന്നും എല്ലാവരും അവനെ വിട്ടു ചിതറിപോകുമെന്നുമുള്ള മുന്നറിയിപ്പു (14:27–31).
   d. ഗദ്ശെമന തോട്ടത്തിലേക്ക് (14:32–42).

C. അവനെ *ക്രൂശിൽ തറെക്കുന്നതും* അടക്കം ചെയ്യുന്നതും (വെള്ളിയാഴ്ച്ചയിൽ) (14:43–15:47).
   1. യേശുവിനെ തള്ളിപ്പറയുന്നതും, ശിഷ്യന്മാർ ഓടിപോകുന്നതും (14:43–52).
   2. കയ്യഫാവിന്റെ മുൻപാകെയുള്ള വിചാരണയും; പത്രൊസ് തീ കായുന്നതും (14:53–65).
   3. പത്രൊസ് തള്ളിപ്പറയുന്നു (14:66–72).
   4. ന്യായാധിപസഭയാൽ ഉറപ്പിക്കുകയും പിലാത്തൊസിന്റെ മുമ്പിൽ വിചാരണ നടത്തുകയും ചെയ്തു; ബറബ്ബാസിനെ വിട്ടുകൊടുക്കുകയും യേശുവിനെ പരിഹസിക്കുകയും ചെയ്തു (15:1–20).
   5. *എന്റെ പാപങ്ങൾക്ക് വേണ്ടി യേശു മരിച്ചു* (15:21–41).
   6. യേശുവിന്റെ അടക്കം (15:42–47).

IV. ഉയർത്തെഴുന്നേല്പിനാൽ ദാസൻ ഉയർത്തപ്പെട്ടു (16:1–20).

A. സ്ത്രീകൾ കല്ലറയിലേക്കു പോകയും ദൂതന്റെ അറിയിപ്പ് ലഭിക്കുകയും ചെയ്തു (16:1–8).[17]

B. ചില ഉയിർപ്പു പ്രത്യക്ഷതകൾ:
   1. മഗ്ദലക്കാരത്തി മറിയക്ക് (16:9–11).
   2. രണ്ടു ശിഷ്യന്മാർക്ക് (16:12, 13).
   3. പതിനോരുവർക്ക് (16:14–18). (വിശ്വാസത്തിനും

മഹത്തായ *ആജ്ഞക്കുമുള്ള* ശിഷ്യന്മാരുടെ ആവശ്യം: 16:15, 16).

C. യേശുവിന്റെ സ്വർഗാരോഹണവും, കൂടാതെ ശിഷ്യന്മാരുടെ പിന്നീടുള്ള പ്രവർത്തനവും യേശുവിന്റെ *ഉറപ്പിക്കലും* (16:19, 20).

---

കുറിപ്പുകൾ

[1]യൂസേബിയസ് *എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.39; 2.15; 6.25. "അപ്പൊസ് തൊലിക പിതാക്കന്മാരിൽ" ഒരാളായിരുന്നു പാപിയസ്. അപ്പൊസ്തൊലിക കാലഘട്ടത്തിലെ പാരമ്പര്യങ്ങളും ഇതിഹാസങ്ങളും അദ്ദേഹത്തിന്റെ എഴുത്തുകളിലുണ്ട്, എന്നാൽ അവ നിലനില്ക്കുന്നതായി കാണുന്നത് പിന്നീടുള്ള ചരിത്രകാരന്മാരായ യൂസേബിയസും ഐറേനിയസും സൂക്ഷിച്ചുവെച്ച ഭാഗങ്ങളിൽ മാത്രമാണ്. ധാരാളം അറിവും ഗുണഫലങ്ങളുമുള്ള എഴുത്തുകാരനായ, യൂസേബിയസ്, സഭയുടെ പുരോഗതിയെ കുറിച്ച് ആദ്യമായി വിവരിച്ച ചരിത്രകാരനായിരുന്നു. ഒരു ഗ്രീക്ക് ദൈവശാസ്ത്ര ജ്ഞനായിരുന്ന, അലക്സന്തരിയക്കാരനായ ക്ളെമന്റ്, "സഭാ പിതാക്കന്മാരിൽ" ഒരാളായിട്ട് കണക്കാക്കപ്പെട്ടിരുന്നു. "വസ്തുതകൾ തുറന്നു കാട്ടുന്ന പ്രസംഗ പിതാവ്," എന്നു വിളിച്ചിരുന്ന ഒറിഗനെയാണ്, മൂന്നാം നൂറ്റാണ്ടിലെ ഒരു പ്രധാന ഉപദേഷ്ടാവായി കണ്ടിരുന്നത്. [2]ഐറേനിയസ് *എഗെൻസ്റ്റ് ഹെറെസീസ്* 3.1.1. പോളികാർപ്പിന്റെ ഒരു ശിഷ്യ നും, സ്മിർന്നയിലെ "ബിഷപ്പും" ആയ, ഐറേനിയസിനെ, രണ്ടാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രജ്ഞനായിട്ടാണ് കരുതിയിരുന്നത്. [3]ആ ഭവനം അവസാന അത്താഴത്തിനുള്ള (മർക്കൊസ് 14:12–17) സ്ഥലമായി രിക്കുവാനും / അല്ലെങ്കിൽ യേശു അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്ന സ്ഥലമായിരിക്കുവാനും സാധ്യതയുണ്ട് (പ്രവൃത്തികൾ 1:4–8, 12). [4]മർക്കൊസ് 14:51, 52–ൽ പറയുന്നതു യോഹന്നാൻ മർക്കൊസിനെ ആണെങ്കിൽ, അവൻ അപ്പൊസ്തലന്മാരിൽ ഇളയവനായിരുന്നു എന്നാണ് അത് സൂചിപ്പിക്കുന്നത്. [5]യൂസേബിയസ് *എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 2.16. [6]ഇബിഡ്., 3.39. [7]ഐറേനിയസ് *എഗെൻസ്റ്റ് ഹെറെസീസ്* 3.1.1. [8]ഈ പുസ്തകത്തിൽ ആദ്യം വരുന്ന "നാലു സുവിശേഷ വിവരണങ്ങൾ," എന്ന പാഠം നോക്കുക. [9]മെറിൽ സി. ടെന്നി, *ന്യൂ ടെസ്റ്റമെന്റ് സർവേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1961), 157. [10]മത്തായിയുടെ വിവരണത്തിലെ മഹത്തായ ആജ്ഞയെ (മത്തായി 28:18–20) മർക്കൊസിന്റെ വിവരണവുമായി താരതമ്യം ചെയ്യുക (മർക്കൊസ് 16:15, 16).

[11]ഇവിടെ ഇതാ താൽപര്യം ജനിപ്പിക്കുന്ന ഒരു പാർശ്വ കുറിപ്പ്: ഒരു ദാസൻ എന്ന രീതിയിൽ ആദ്യം *പരാജയപ്പെട്ട*, മർക്കൊസ്, യേശുവിനെ തികഞ്ഞ ദാസനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. [12]ചില പ്രാരംഭ എഴുത്തുകാർ മർക്കൊസിന്റെ പുസ്തകത്തിലെ എഴുത്തുകൾ പത്രൊസിന്റെ മരണശേഷമെഴുതിയതായി പറഞ്ഞിരിക്കുന്നു, അത് ഒരുപക്ഷെ പുസ്തകത്തിന്റെ "പ്രകാശനത്തെ" ആയിരിക്കാം സൂചിപ്പിച്ചത് (പകർപ്പുകൾ എടുത്ത് അവ വിതരണം ചെയ്യൽ). [13]ടെന്നി, 157. [14]ജോൺ ഫിലിപ്സ്, *എക്സ്പ്ളോറിംങ് ദ സ്ക്രിപ്ച്ചേഴ്സ്* (ലണ്ടൻ: വിക്ടറി പ്രെസ്, 1965), 200. [15]ഹെൻറിയേറ്റാ സി. മിയേഴ്സ്, *വാട്ട് ദ ബൈബിൾ ഇസ് ആൾ എബൗട്ട്* (ഗ്ളെൻഡെയിൽ, കാലിഫ്.: ഗോസ്പെൽ ലൈറ്റ് പബ്ളിക്കേഷൻസ്, 1966), 390. [16]ടെന്നി, 159–60. [17]വാക്യം 8–നെ തുടർന്നുള്ള പന്ത്രണ്ടുവാക്യങ്ങളുടെ ആധികാരികത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്, കാരണം ആ

വാക്യങ്ങൾ പല പ്രധാന കയ്യെഴുത്തുപ്രതികളിലും കാണപ്പെടുന്നില്ല. മിക്ക യാഥാസ്ഥിതിക എഴുത്തുകാരും വിശ്വസിക്കുന്നത് അവ അവിടെ ഉള്ളത് – സുവിശേഷ വേദപുസ്തകത്തിന്റെ തന്നെ ഭാഗമായിട്ടോ, മർക്കൊസ് പിന്നീടു എഴുതി ചേർത്ത കുറിപ്പായിട്ടോ, അല്ലെങ്കിൽ മറ്റൊരു ദൈവശ്വാസീയ എഴുത്തുകാരൻ കൂട്ടിച്ചേർത്ത ദൈവശ്വാസീയ അടിക്കുറിപ്പായിട്ടോ ആണെന്നാണ്. (ഇതിനുള്ള ഒരു ഉദാഹരണത്തിന്, ആവർത്തന പുസ്തകം 34 നോക്കുക, അവിടെ മറ്റൊരു എഴുത്തുകാരൻ, ഒരുപക്ഷെ യോശുവ ആയിരിക്കാം, മോശയാൽ എഴുതപ്പെട്ട പുസ്തകത്തിലേക്ക് മോശെയുടെ മരണത്തെകുറിച്ചുള്ള വിവരം കൂട്ടിചേർത്തിരിക്കുന്നതു കാണാം.)